Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2023/1722 (11) തീയതി : 12.10.2023

# സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് പദ്ധതി - സ്കൂളുകളിൽ കെ-ഫോൺ വഴി ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:-
1. ഈ ഓഫീസിലെ 17.02.2023 ലെ KITE/2023/1722 (1) നമ്പർ സർക്കുലർ.
2. ഈ ഓഫീസിലെ 20.09.2023 ലെ KITE/2023/1722 (9) നമ്പർ സർക്കുലർ.
3. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04.10.2023-ലെ D3/40/2023/G.EDN നമ്പർ കത്ത്
4. ചീഫ് സെക്രട്ടറിയുടെ 02.09.2023, 07.10.2023 എന്നീ തീയതികളിലെ ഐടി സി1/121/2023/ഐടിസി നമ്പർ പരിപത്രങ്ങൾ
5. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10.10.2023-ലെ GEDN-D3/40/2023-G.EDN-Part (1) നമ്പർ കത്ത്

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും കെ-ഫോൺ വഴി ഇന്റർനെറ്റ് ലഭ്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സൂചന 1 സർക്കുലർ പ്രകാരം സ്കൂളുകളെ അറിയിച്ചിരുന്നു. ഇതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലോവർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകളിലെ കെ-ഫോൺ ഇന്റർനെറ്റ് ലഭിച്ചതിന്റെ വിവരം അതത് സ്കൂളുകൾ 'സമ്പൂർണ'യിൽ രേഖപ്പെടുത്തുന്നതിന് സൂചന 2 പ്രകാരം അറിയിച്ചിരുന്നു.

സംസ്ഥാനത്തെ 7437 പൊതുവിദ്യാലയങ്ങളിൽ കെ-ഫോൺ കണക്ഷനുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും എന്നാൽ ഈ സേവനം 3837 സ്കൂളുകളിൽ ഉപയോഗിക്കുന്നില്ലെന്നും ആയതിന്റെ കാരണം രേഖപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിനും സൂചന 3 പ്രകാരം പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. സൂചന 4 പ്രകാരം കെ-ഫോൺ മുഖേന ലഭിക്കുന്ന ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന സർക്കാർ സൗജന്യമായി എല്ലാ പൊതുവിദ്യാലയങ്ങൾക്കും കെ-ഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും അത് ഫലപ്രദമായി സ്കൂളുകൾ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. അതിനാൽ കെ-ഫോൺ വഴി ലഭ്യമാക്കിയ കണക്ഷനുകൾ അതത് സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ നെറ്റ്‌വർക്ക് configure ചെയ്ത് ഉപയോഗിക്കണമെന്ന് സൂചന 1 പ്രകാരം നിർദേശിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ടിവിറ്റി സ്കൂളിൽ എത്തുകയും അത് കോൺഫിഗർ ചെയ്ത് ഇതുവരെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സ്കൂളുകൾ അടിയന്തിരമായി കോൺഫിഗർ ചെയ്ത് ഉപയോഗിക്കേണ്ടതാണ്. അതിനായി സ്കൂളുകൾ കെ-ഫോണിന്റെ നെറ്റ്‌വർക്കിംഗ് വിവരങ്ങൾ പരിശോധിച്ച് അതത് സ്കൂളിലെ റൂട്ടർ/കമ്പ്യൂട്ടറിൽ കോൺഫിഗർ ചെയ്ത് ഇന്റർനെറ്റ് ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. (നെറ്റ്‌വർക്കിംഗ് വിശദാംശങ്ങൾ സമ്പൂർണയിലെ കെ-ഫോൺ സ്റ്റാറ്റസിൽ ലഭ്യമാണ്)

2. Configure ചെയ്തിട്ടും ഇന്റർനെറ്റ് സേവനം ലഭ്യമായിട്ടില്ലെങ്കിൽ കെ-ഫോണിന്റെ ഹെൽപ് ഡെസ്ക് നമ്പറിൽ (+91 7594049980, 0484-25911970) ബന്ധപ്പെടേണ്ടതും ഇന്റർനെറ്റ് ലഭ്യമല്ലാത്തതിന്റെ കാരണം സമ്പൂർണയിൽ കെ-ഫോൺ സ്റ്റാറ്റസ് ലിങ്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

3. സൂചന 2 പ്രകാരം കെ-ഫോൺ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്ന് രേഖപ്പെടുത്തിയ സ്കൂളുകളിലും കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്ന് കെ-ഫോൺ അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകൾ കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അത് കോൺഫിഗർ ചെയ്ത് ഇന്റർനെറ്റ് ലഭ്യമല്ലാത്തതിന്റെ കാരണം സമ്പൂർണ സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

4. സൂചന (4) പ്രകാരം കെ-ഫോൺ പദ്ധതിയിലൂടെ ഇന്റർനെറ്റ് ലഭ്യമായിട്ടുള്ള സ്കൂളുകൾ / സ്ഥാപനങ്ങൾ ടി കണക്ഷനെ പ്രാഥമിക കണക്ഷനായി ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഇന്റർനെറ്റ് ലഭ്യമായ സ്കൂളുകൾ കെ-ഫോൺ കണക്ഷൻ മാത്രം ഉപയോഗിക്കേണ്ടതും ഇതര ഇന്റർനെറ്റ് കണക്ഷനുകൾ വിഛേദിക്കേണ്ടതുമാണ്.

5. കെ–ഫോൺ കണക്ടിവിറ്റി ലഭ്യമായ സ്കൂളുകളിൽ സിംഗിൾപോയിന്റ് ഓഫ് കോൺടാക്ട് ആയി (Single point of contact) ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച വിവരം പ്രഥമാധ്യാപകൻ 'സമ്പൂർണ'യിലെ 'K-FON Status'-ൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

6. സ്കൂളുകൾക്ക് ടി വിഷയം സംബന്ധിച്ച് സാങ്കേതിക സഹായം ആവശ്യമെങ്കിൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

7. കെ–ഫോൺ കോൺഫിഗർ ചെയ്ത് ഉപയോഗിക്കുന്ന സ്കൂളുകളും നിലവിൽ കെ–ഫോൺ വഴി ഇന്റർനെറ്റ് ലഭ്യമായ സ്കൂളുകളും കെ–ഫോൺ ലഭിക്കാത്ത സ്കൂളുകളും 'സമ്പൂർണ'യിലെ 'K-FON Status'-ൽ 2023 ഒക്ടോബർ 20–ന് മുൻപായി വിവരങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോ–ഓർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർ/
ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി. (എച്ച്.എസ്.ഇ.)/ഡി.ഡി.ഇ/എ.ഡി. (വി.എച്ച്.എസ്.ഇ.)/
ഡി.ഇ.ഒ./എ.ഇ.ഒ.മാർക്കും

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഐ.ടി.-ബി1/121/2023-ഐ.ടി.ഡി.
ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-10-2023

**പരിപത്രം**

വിഷയം:- ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ പദ്ധതിയുടെ ഫലപ്രാപ്തിക്കായി എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കെ-ഫോൺ മുഖേന ലഭിക്കുന്ന ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നത്- സംബന്ധിച്ച്.

സൂചന:- 02-09-2023-ലെ ഐ.ടി.-ബി1/121/2023-ഐ.ടി.ഡി. നമ്പർ പരിപത്രം.

സൂചനയിലെ പരിപത്ര പ്രകാരം കെ-ഫോൺ പദ്ധതിയിലൂടെ ഇന്റർനെറ്റ് ലഭ്യമായിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും 04-09-2023 മുതൽ ഒരു മാസത്തേക്ക് പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി കെ-ഫോൺ ഉപയോഗിക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ, ഇനിയും വിവിധ ഓഫീസുകളിൽ പ്രാഥമിക കണക്ഷനായി കെ-ഫോൺ ഉപയോഗപ്പെടുത്തുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, കെ-ഫോൺ മുഖേന ഇന്റർനെറ്റ് ലഭ്യമായിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും 2023 ഒക്ടോബർ മാസം മുതൽ പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി കെ-ഫോൺ ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും സൂചന പരിപത്രത്തിലെ മാർഗ്ഗ നിർദേശങ്ങൾ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. നിലവിൽ പ്രാഥമിക കണക്ഷനായി കെ-ഫോൺ ഉപയോഗിച്ചുവരുന്ന ഓഫീസുകൾ സൂചന പരിപത്രത്തിലെ നിർദേശങ്ങൾ അനുസരിച്ച് തുടർന്നും പ്രസ്തുത കണക്ഷൻ ഉപയോഗിക്കേണ്ടതാണ്.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും
ചീഫ് സെക്രട്ടറിയുടെ പി.എസിന്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഐ.ടി.-ബി1/121/2023-ഐ.ടി.ഡി.
ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-09-2023

## <u>പരിപത്രം</u>

വിഷയം:- ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ പദ്ധതിയുടെ ഫലപ്രാപ്തിക്കായി എല്ലാ ഓഫീസുകളിലും/ സ്ഥാപനങ്ങളിലും കെ-ഫോൺ മുഖേന ലഭിക്കുന്ന ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നത്- സംബന്ധിച്ച്.

ഇന്റർനെറ്റ് ലഭ്യത സാർവത്രികമാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ **30,000**-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തടസ്സമില്ലാതെ വേഗതയുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നിലവിൽ, ഏകദേശം **28,000** ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുള്ള പതിനെട്ടായിരത്തി അഞ്ഞൂറോളം സ്ഥാപനങ്ങളുടെ /ഓഫീസുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ-ഫോൺ പദ്ധതിയുടെ ഫലപ്രാപ്തിക്കായി എല്ലാ ഓഫീസുകളിലും/സ്ഥാപനങ്ങളിലും കെ-ഫോൺ മുഖേനെ ലഭിക്കുന്ന ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ, കെ-ഫോൺ പദ്ധതി പ്രകാരം ഇന്റർനെറ്റ് ലഭ്യമായിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും **04-09-2023** മുതൽ ഒരു മാസത്തേക്ക് പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി കെ-ഫോൺ ഉപയോഗിക്കേണ്ടതും, പ്രസ്തുത കാലയളവിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം തുടർന്ന് കെ-ഫോൺ കണക്ഷൻ മാത്രം ഉപയോഗിക്കേണ്ടതും ഇതര ഇന്റർനെറ്റ് കണക്ഷനുകൾ വിച്ഛേദിക്കേണ്ടതുമാണ്. ബന്ധപ്പെട്ട വകുപ്പ് മേലധികാരികൾ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെ-ഫോൺ കണക്ഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അറിയിക്കേണ്ട നമ്പറുകൾ ഇമെയിൽ വിലാസം എന്നിവ ചുവടെ ചേർക്കുന്നു

ഹെല്പ് ലൈൻ: **0484 2911970** അല്ലെങ്കിൽ **7594049979**
വാട്ട്സ് ആപ്പ് : **7594049980**
ഇമെയിൽ : **kfonsupport@ksitil.org**

**support_govoffices@kfon.in**

കെ-ഫോൺ കണക്ടിവിറ്റി ലഭ്യമായ ഓഫീസുകളിൽ സിംഗിൾ പോയിന്റ് ഓഫ് കോണ്ടാക്ടായി **(Single Point of Contact)** ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും അതു സംബന്ധിച്ച വിശദാംശങ്ങൾ അതത് ഓഫീസ് മേധാവി ചുവടെ കാണുന്ന മാതൃകയിൽ മേൽപ്പറഞ്ഞ ഇമെയിൽ ഐഡികളിൽ ലഭ്യമാക്കേണ്ടതുമാണ് :

| | | |
|---|---|---|
| 1 | **Administrative Department in Secretariat** | |
| 2 | **Head of Department** | |
| 3 | **Name of SPOC** | |
| 4 | **Office name and address** | |
| 5 | **Designation** | |
| 6 | **Email Id** | |
| 7 | **Mobile Number** | |

**KSWAN** നിലവിലുള്ള ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ അത് ബാക്ക് അപ് കണക്ഷനായി നിലനിർത്താവുന്നതും ട്രഷറികൾ പോലുള്ള ഓഫീസുകൾക്ക് ഇതര ബാക്ക് അപ് കണക്ഷനുകൾ, ആവശ്യമെങ്കിൽ, പ്രയോജനപ്പെടുത്താവുന്നതുമാണ്.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും
ചീഫ് സെക്രട്ടറിയുടെ പി.എസിന്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Mahesh
Date: 03-09-2023 10:46:27
സെക്ഷൻ ഓഫീസർ.